**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **29-08-2022 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായണ്‍** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജല അതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ; ചെലവ്, വരുമാനം എന്നിവ ആനുപാതികമാണോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ജല അതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ താഴെ പറയുന്നവയാണ്.<br>1. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജ്/സിവറേജ് ചാർജ്ജ്<br>2. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റ്.<br>3. സെന്റേജ് ചാർജ് & മറ്റ് ഇനങ്ങൾ.<br>ആയിരം ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപ ആണ്. എന്നാൽ ആയിരം ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. അതായത് ആയിരം ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം ഉണ്ടാകുന്നു. ആയതിനാൽ ചെലവ്, വരുമാനം എന്നിവ ആനുപാതികമല്ല<br>2021-22 വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം അതോറിറ്റിയുടെ തനതു വർഷത്തെ മൊത്തം വരവ് 1426.15 കോടി രൂപയും ചിലവ് 1955.35 കോടി രൂപയുമാണ്. നഷ്ടം 529.20 കോടി രൂപയാണ്. |
| (ബി) | ജല താരിഫ് നിർണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം ഘടകങ്ങളെ ആശ്രയിച്ചാണെന്നും വ്യക്തമാക്കാമോ; അതിനായി പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ മാതൃകയിൽ അത്തരമൊരു സമിതിയെ നിയോഗിച്ച് | (ബി) | 1986 ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സിവറേജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കഴിയുന്നിടത്തോളം നഷ്ടത്തിൽ ആകാത്ത രീതിയിൽ കൊണ്ട് പോകേണ്ടതാണ് എന്നും അതിനായി അതോറിറ്റി ഈടാക്കുന്ന നിരക്കുകളും ചാർജുകളും തിട്ടപ്പെടുത്തുന്നത് ക്രമീകരിക്കേണ്ട ഉണ്ടെന്നും അതുവഴി പരിപാലന |

| | | | |
|---|---|---|---|
| | കാലാനുസൃതമായ പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ; | | ചിലവുകളും കടബാധ്യതകളും വഹിച്ച് പ്രായോഗികം ആണെങ്കിൽ സാമ്പത്തിക നേട്ടം കൈവരിക്കേണ്ടതാണെന്നും നിഷ്കർച്ചിട്ടുണ്ട്.<br><br>താഴെ പറയുന്ന ഘടകങ്ങളെയും മാനദണ്ഡങ്ങളെയും അടിസ്ഥാനമാക്കിയാണ് പ്രധാനമായും താരിഫ് പുനരവലോകന പ്രൊപ്പോസലുകൾ സർക്കാരിന് ലഭ്യമാകുന്നത്.<br><br>1. നിലവിലെ താരിഫ്<br>2. നിലവിലെ ഉപഭോക്താക്കളുടെ ജല ഉപയോഗക്രമം<br>3. അവസാനം താരിഫ് പുനർനിർണയിച്ചതിന് ശേഷമുള്ള കാലയളവ്<br>4. ഇതര സംസ്ഥാനങ്ങളിലെ താരിഫ് നിരക്ക്<br>5. ജല അതോറിറ്റിയുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചിലവുകളുടെ ഘടന<br>6. നിരക്ക് വർദ്ധനവ് മൂലം ജനങ്ങൾക്ക് ഉണ്ടാകാവുന്ന പ്രഭാവം<br>7. സർക്കാരിൽ നിന്നുള്ള പദ്ധതിയേതര വിഹിതത്തിന്റെ ലഭ്യത<br>8. അറ്റകുറ്റപ്പണികൾ, വൈദ്യുത ചാർജ്, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ്.<br>9. നിലവിലെ വിവിധ സ്ലാബുകളിൽ നിന്ന് പിരിഞ്ഞ് കിട്ടുന്ന തുകയുടെ ഘടന<br><br>വാട്ടർ താരിഫ് പുനരവലോകനത്തിനായി പ്രത്യേകം സമിതി നിലവിൽ ഇല്ല. വെള്ളത്തിന്റെ താരിഫ് നിർണ്ണയിക്കുന്നത് വളരെ സെൻസിറ്റീവായ വിഷയമായതിനാലും ആയതിന്മേൽ സർക്കാർ സമയ ബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനാലും വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരണത്തിന് നിലവിൽ ആവശ്യകതയില്ലെന്ന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിലൂടെ നൽകുന്ന ജലത്തിന് ജല അതോറിറ്റിക്ക് പണം ലഭിക്കുന്നുണ്ടോ; എങ്കിൽ എവിടെ നിന്നാണ് പണം ലഭിക്കുന്നതെന്നും അത് കൃത്യമായി സമാഹരിക്കാൻ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (സി) | തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിലൂടെ നൽകുന്ന ജലത്തിന് ജല അതോറിറ്റിക്ക് പണം ലഭിക്കുന്നുണ്ട്. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് അടക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി വാട്ടർ ചാർജ് അടക്കാറില്ല. |

| | | | |
|---|---|---|---|
| | | | എല്ലാമാസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാട്ടർ ചാർജ് സംബന്ധിച്ച ബില്ലുകൾ ജല അതോറിറ്റിയുടെ അതാത് ഡിവിഷൻ ഓഫീസുകളിൽ നിന്നും കൃത്യമായി നൽകി വരുന്നുണ്ട്. കുടിശ്ശിക വരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത തുക ഈടാക്കി നൽകണം എന്ന് കാണിച്ച് അതാത് വകുപ്പ് മേലധികാരികൾക്ക് ക്രോഡീകരിച്ച ബില്ലുകൾ നൽകി വരുന്നുണ്ട്. |
| (ഡി) | ജല അതോറിറ്റിക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | കുടിശിക വരുത്തിയിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും കുടിശ്ശിക അടയ്ക്കണം എന്ന് കാണിച്ച് നോട്ടീസുകൾ നൽകി വരുന്നു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉപാഭോക്താക്കൾക്കും ബിൽ/കുടിശിക സംബന്ധിച്ച് SMS മുഖേന അറിയിപ്പ് നൽകുന്നുണ്ട്. നോട്ടീസ് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും തുടർന്ന് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നിലവിലെ കുടിശ്ശികയുടെ 70.62% വും സർക്കാർ, അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടേതാണ്. പ്രസ്തുത കുടിശ്ശിക അടക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പ് മേധാവികൾക്കും കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ നിന്നും നൽകിവരുന്നു. സർക്കാർ നിർദ്ദേശം അനുസരിച്ച് അദാലത്തുകൾ നടത്തി പരമാവധി കുടിശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദീർഘനാളായി കുടിശ്ശികയുള്ള കണക്ഷനുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനു വേണ്ടി പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി മുഖേനയും കുടിശ്ശിക പിരിച്ചെടുക്കുന്നു. |

സെക്ഷൻ ഓഫീസർ